"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സഹകരണ പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീം 2021 പ്രകാരമുള്ള ധനസഹായം - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.263/2026/Co-Op തീയതി,തിരുവനന്തപുരം, 11-06-2026

---

പരാമർശം:-
1. സ.ഉ.(എം.എസ്)നം.09/2022/സഹ തീയതി 05.04.2022
2. സ.ഉ.(എം.എസ്)നം.09/2022/സഹ തീയതി 05.04.2022
3. സ.ഉ.(എം.എസ്)നം.07/2024/സഹ തീയതി 12.03.2024
4. സ.ഉ.(എം.എസ്)നം.09/2024/സഹ തീയതി 16.03.2024
5. സഹകരണ സംഘം രജിസ്ട്രാറുടെ 24.03.2026, 06.06.2026 തീയതികളിലെ RCS/626/2026/MT(3),RCS/15772/2025/MT(3) നമ്പർ കത്തുകൾ.
6. CAPE ഡയറക്ടറുടെ 04.05.2026 ലെ Acc2/79/2025/CAPE നമ്പർ കത്ത്

**ഉത്തരവ്**

1969 ലെ കേരള കോ - ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് & റൂളിൽ, സെക്ഷൻ 56 (സബ് സെക്ഷൻ 1(d)), റൂൾ 53 ലെ സബ്റൂൾ 3(A) പ്രകാരം സഹകരണ മേഖലയിലെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി ഫണ്ട് രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ഫണ്ടിന്റെ വിതരണവും വിനിയോഗവും സംബന്ധിച്ച് പുതുക്കിയ സ്കീം, കേരള കോ ഓപ്പറേറ്റിവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീം 2021, പരാമർശം (2) പ്രകാരം പുറപ്പെടുവിക്കുകയും തുടർന്ന്, പരാമർശം (3,4) പ്രസ്തുത സ്കീമിലെ ഏതാനും ചില വ്യവസ്ഥകളിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമനുസരിച്ച്, 1969 ലെ സഹകരണ നിയമത്തിൽ അനുശാസിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ചാരിറ്റബിൾ ആക്റ്റ് പ്രകാരം നിയന്ത്രിക്കപ്പെടുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ

സ്ഥാപനങ്ങൾ, കോ - ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), തുടങ്ങിയവയ്ക്ക് ഈ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

2. പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി 13.03.2026 ന് ചേർന്ന ഹൈലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സഹകരണ സംഘം രജിസ്ട്രാർ പരാമർശം (5) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. CAPE-ന്റെ പ്രധാന വരുമാന സ്രോതസ്സ് ആയ വിദ്യാർത്ഥികളിൽ നിന്നുള്ള ട്യൂഷൻ ഫീസ് പിരിവ് നടക്കാത്തതിനാൽ നിലവിൽ ഓവർ ഡ്രാഫ്റ്റ് വഴി ആണ് ചെലവുകൾ നടത്തുന്നതെന്നും ആയതിനാൽ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി അടിയന്തരമായി ധനസഹായം അനുവദിച്ചു നൽകണമെന്ന് പരാമർശം (6) പ്രകാരം CAPE ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കോ ഓപ്പറേറ്റിവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്കീം 2021 ലെ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി, സ്കീമിലെ ക്ലോസ് 5, 9 (A)(ii), 13 എന്നിവയുടെ അടിസ്ഥാനത്തിൽ കേപ്പ് ഡയറക്ടറുടെ പരാമർശം (4) ലെ അപേക്ഷയുടെ അടിസ്ഥാനത്തിലും ശീർഷകത്തിൽ അനുവദനീയമായ 10 കോടി രൂപയിൽ നിന്നും 5 കോടി രൂപ 2026 മെയ് മാസത്തെ ശമ്പള വിതരണത്തിനായി അനുവദിച്ചു ഇതിനാൽ ഉത്തരവാകുന്നു.

4. പ്രസ്തുത തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ചു നൽകേണ്ടതും, ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി ലഭ്യമാക്കി, പരിശോധിച്ച് സ്കീമിലെ വ്യവസ്ഥ പ്രകാരമുള്ള വാർഷിക റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേപ്പ്, മുട്ടത്തറ, തിരുവനന്തപുരം.

(സഹകരണ സംഘം രജിസ്ട്രാർ മുഖേന)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (ബി2/217/2026/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 11-06-2026 16:07:35

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.